LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 7 കമ്പനികൾ.

(ബി) ടെക്നോപാർക്കിൽ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സ്ഥലലഭ്യത അനുസരിച്ചും ടെക്നോപാർക്കിന്റെ പദ്ധതി നിർവ്വഹണ സമിതി (PIB) അംഗീകരിച്ചിട്ടുള്ള വാടക, സെക്യൂരിറ്റി നിക്ഷേപം, കമ്പനികൾ പാലിക്കേണ്ട വ്യവസ്ഥകൾ, നിലവിലുള്ള നിയമങ്ങൾ, സർക്കാർ മാനദണ്ഡങ്ങൾ, സേവന വേതന വ്യവസ്ഥകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കരാർ ഉടമ്പടിക്ക് വിധേയമായും ഭൂമി/സ്ഥലം അനുവദിക്കുന്നുണ്ട്.

(സി&ഡി) ടെക്നോപാർക്കിൽ സ്വകാര്യ കമ്പനികൾക്കുവേണ്ടി മാത്രമല്ല സ്ഥലം നൽകിവരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേതുമായി ഇതുവരെ ഏകദേശം 20 സ്ഥാപനങ്ങൾക്ക് ടെക്നോപാർക്ക് ഭൂമി, സ്ഥലം എന്നിവ നൽകിയിട്ടുണ്ട്. സർക്കാർ/പൊതുമേഖല ഐ.ടി. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് അവ ആവശ്യപ്പെടുന്ന വിസ്തീർണ്ണത്തിൽ പ്രത്യേക സാമ്പത്തിക മേഖലയിൽ അല്ലാത്ത സ്ഥലത്തിന്റെ (Non SEZ) ലഭ്യതക്കുറവ് മാത്രമാണ് ഒരു തടസ്സമായി നിലവിലുള്ളത്.

മാതൃകാ പട്ടികവർഗ്ഗ കോളനി

276 (621) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ കോളനികളെ മാതൃകാ കോളനികളാക്കി മാറ്റുന്നതിനുള്ള പദ്ധതി ഉണ്ടോ ; വിശദമാക്കാമോ ;

(ബി) കൊല്ലം ജില്ലയിൽ ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോളനികൾ ഉണ്ടോ ; എങ്കിൽ ആയവയുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) ഓരോ കോളനിയിലും പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനം ലക്ഷ്യമിട്ട് നടപ്പാക്കിയ ഒരു പദ്ധതിയാണ് മോഡൽ കോളനി വികസനം പദ്ധതി. സംസ്ഥാനത്തെ അഞ്ച് കോളനികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കൊല്ലം ജില്ലയിലെ കുരിയോട്ടുമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ കാരാപ്പുഴ, വാകേരി, കഞ്ഞോം എന്നിവയാണ് ഈ അഞ്ച് കോളനികൾ.

(ബി) ഉണ്ട്. കൊല്ലം ജില്ലയിൽ ഇപ്രകാരം തെരഞ്ഞെടുത്ത കോളനിയാണ് കുരിയോട്ടുമല.

(സി) ഓരോ കോളനിയിലും 25 വീടുകൾ വീതം 125 വീടുകൾ നിർമ്മിക്കാനാണ് ആദ്യഘട്ട പ്രവർത്തനം ആരംഭിച്ചത്. ഇതിനെത്തുടർന്ന് ടി കോളനികളിൽ ആവശ്യമായ റോഡ്, പാലം എന്നിവ നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക, വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിക്കുക, ആരോഗ്യ വിദ്യാഭ്യാസ കാര്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സൗജന്യ ചികിത്സ

277 (622) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് എത്ര രൂപ വരെയുള്ള സൗജന്യ ചികിത്സയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) രോഗിയിൽനിന്നും പരിധിയിൽ കൂടുതൽ ഈടാക്കുന്ന തുക റീ ഇംബേഴ്സ് ചെയ്ത് നൽകുവാൻ സംവിധാനമുണ്ടോ ; എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ആശുപത്രികളിലാണ് ഇത്തരം സൗകര്യങ്ങൾ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ?